**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 561** **30-01-2024 - ൽ മറുപടിയ്ക്ക്**

**ബാറുകളിൽ ഇന്റലിജൻസ് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2017-ന് ശേഷം ബാറുകളിൽ ഇന്റലിജൻസ് പരിശോധനകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ബാറുകളിൽ നടത്തി, ബാറുകളുടെ പേര് വിവരം, പരിശോധന നടത്തിയ തീയതി, കണ്ടെത്തിയ നികുതി വെട്ടിപ്പ് എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരം ലഭ്യമാക്കാമോ; സംസ്ഥാനത്ത് 2017-ന് ശേഷം നാളിതുവരെ എത്ര ബാർ ഹോട്ടലുകൾ കെ.ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്; സ്റ്റാർ ക്ലാസിഫിക്കേഷൻ തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് 2017-ന് ശേഷം ബാ**റുകളിൽ ഇന്റലിജൻസ് വിഭാഗം പരിശോധനകൾ നടത്തിയിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന തൊണ്ണൂറ്റി ഒന്ന് ബാർ ഹോട്ടലുകളിലായി 2017 ന ശേഷമുള്ള വിവിധ കാലയളവിൽ നടത്തിയ പരിശോധനയിൽ 1572.43 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്.**<br><br>**സംസ്ഥാനത്ത് 2017-ന് ശേഷം നാളിതുവരെ 166 ബാർ ഹോട്ടലുകൾ കെ.ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. സ്റ്റാർ ക്ലാസിഫിക്കേഷൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി(അനുബന്ധം1) ചേർക്കുന്നു.കെ.ജി.എസ്.ടി നിയമം 1963 ന്റെ വകുപ്പ് 54(1) പ്രകാരം വിൽപ്പന നികുതി അധികാരിയുടെ മുൻപാകെ സമർപ്പിക്കപ്പെട്ട വിശദാംശങ്ങൾ രഹസ്യ വിവരങ്ങളായി കണക്കാക്കുന്നതിനാൽ പ്രസ്തുത വിവരങ്ങളുടെ വെളിപ്പെടുത്തലിനു പരിമിതി ഉണ്ട്.** |
| (ബി) | 2017-18 മുതൽ 2022-23 വരെ ബാർ ഹോട്ടലുകൾ കണക്കാക്കി സർക്കാരിലേക്ക് അടക്കുന്ന ടി.ഒ.ടിക്ക് ആനുപാതികമായിട്ടുള്ള ലാഭശതമാനത്തിന്റെ ജില്ല തിരിച്ചുള്ള ശരാശരി എത്രയാണ് എന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്ത് ഏതെങ്കിലും ബാർ ഹോട്ടലുകൾ 1963-ലെ വിൽപന നികുതി നിയമം വകുപ്പ് 7 അനുസരിച്ചുള്ള കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പേര് വിവരങ്ങൾ വെളിപ്പെടുത്താമോ; | (ബി) | 2017-18 മുതൽ 2022-23 വരെ ബാർ ഹോട്ടലുകൾ കണക്കാക്കി സർക്കാരിലേക്ക് അടക്കുന്ന ടി.ഒ.ടി ക്ക് ആനുപാതികമായിട്ടുള്ള ലാഭശതമാനത്തിന്റെ ജില്ല തിരിച്ചുള്ള ശരാശരി അനുബന്ധമായി ചേർക്കുന്നു **(അനുബന്ധം 2)**.<br><br>സംസ്ഥാനത്ത് 1963 ലെ വിൽപന നികുതി നിയമം 7 അനുസരിച്ചുള്ള കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത ബാർ ഹോട്ടലുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു **(അനുബന്ധം 3)**.<br><br>**കെ.ജി.എസ്.ടി നിയമം 1963 ന്റെ വകുപ്പ് 54(1)** പ്രകാരം വിൽപ്പന നികുതി അധികാരിയുടെ മുൻപാകെ സമർപ്പിക്കപ്പെട്ട വിശദാംശങ്ങൾ രഹസ്യ വിവരങ്ങളായി കണക്കാക്കുന്നതിനാൽ കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത ബാർ |

| | | | |
|---|---|---|---|
| | | | ഹോട്ടലുകളുടെ വിവരങ്ങൾ വെളിപ്പെടുത്തുന്നതിനു പരിമിതി ഉണ്ട്. |
| (സി) | 2017-ന് ശേഷം നാളിതുവരെ പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കാത്ത ബാർ ഹോട്ടലുകൾ എത്ര എന്നുള്ള ജില്ല തിരിച്ചുള്ള കണക്കും പേര് വിവരങ്ങളും വ്യക്തമാക്കാമോ; നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് ജില്ല തിരിച്ച് വിശദീകരിക്കാമോ ? | (സി) | 2017-ന് ശേഷം നാളിതുവരെ പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കാത്ത ബാർ ഹോട്ടലുകൾ എത്ര എന്നുള്ള ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു **(അനുബന്ധം 4).**<br><br>**കെ.ജി.എസ്.ടി നിയമം 1963 ന്റെ വകുപ്പ് 54(1)** പ്രകാരം വിൽപ്പന നികുതി അധികാരിയുടെ മുൻപാകെ സമർപ്പിക്കപ്പെട്ട വിശദാംശങ്ങൾ രഹസ്യ വിവരങ്ങളായി കണക്കാക്കുന്നതിനാൽ പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കാത്ത ബാർ ഹോട്ടലുകളുടെ വിവരങ്ങൾ വെളിപ്പെടുത്തുന്നതിനു പരിമിതി ഉണ്ട്.നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾക്ക് മദ്യം വിതരണം ചെയ്യുന്നതിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് ബിവറേജസ് കോർപ്പറേഷൻ കത്ത് സമർപ്പിച്ചിരുന്നു. ആയതിൽ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ബാറുകൾക്ക് മദ്യ വിതരണം നിർത്തലാക്കുന്നത് കുറഞ്ഞത് 10 ദിവസത്തെയെങ്കിലും ദൈർഘ്യമുള്ള നോട്ടീസ് നൽകികൊണ്ട് നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ഇത് ബാധകമായ ബാറുകളുടെയും ബിയർ & വൈൻ പാർലറുകളുടെയും പട്ടിക ലഭ്യമാക്കുവാൻ സംസ്ഥാന ജി.എസ്.ടി. കമ്മീഷണറോട് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| | |
|---|---|
| 5 സ്റ്റാർ | 4 |
| 4 സ്റ്റാർ | 71 |
| 3 സ്റ്റാർ | 85 |
| 2 സ്റ്റാർ | 3 |
| മറ്റുള്ളവ | 3 |

[signature]

സെക്ഷൻ ഓഫീസർ

2023.03.11 16:29

<u>അനുബന്ധം 2</u>

| ജില്ല | ലാഭ ശതമാനം (%) |
|---|---|
| തിരുവനന്തപുരം | 50.5 |
| കൊല്ലം | 42 |
| പത്തനംതിട്ട | 70 |
| ആലപ്പുഴ | 81 |
| കോട്ടയം | 57 |
| ഇടുക്കി | 72 |
| എറണാകുളം | 69 |
| ആലുവ (എറണാകുളം) | 55 |
| തൃശ്ശൂർ | 61 |
| പാലക്കാട് | 70 |
| മലപ്പുറം | 48 |
| കോഴിക്കോട് | 68 |
| വയനാട് | 75 |
| കണ്ണൂർ | 41 |
| കാസർഗോഡ് | 96 |

Jasmin

സെക്ഷൻ ഓഫീസർ

2023.03.11 16:29

# അനുബന്ധം 3

| ജില്ല | കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത ബാർ ഹോട്ടലുകൾ |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 2 |
| ആലപ്പുഴ | 4 |
| കോട്ടയം | 5 |
| ഇടുക്കി | 2 |
| എറണാകുളം | 3 |
| തൃശ്ശൂർ | 18 |
| പാലക്കാട് | 2 |
| മലപ്പുറം | 1 |
| കോഴിക്കോട് | 1 |
| വയനാട് | 3 |
| കണ്ണൂർ | 1 |

Jasmin

സെക്ഷൻ ഓഫീസർ

2023.03.11 16:29

# അനുബന്ധം 4

| ജില്ല | പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കാത്ത ബാർ ഹോട്ടലുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 45 |
| കൊല്ലം | 10 |
| പത്തനംതിട്ട | 12 |
| ആലപ്പുഴ | 9 |
| കോട്ടയം | 4 |
| എറണാകുളം | 31 |
| തൃശ്ശൂർ | 25 |
| പാലക്കാട് | 14 |
| കോഴിക്കോട് | 4 |
| വയനാട് | 6 |
| കണ്ണൂർ | 16 |
| കാസർഗോഡ് | 1 |

Jasmin

സെക്ഷൻ ഓഫീസർ

2023.03.11 16:29